തൃശ്ശൂരിലെ വൈദ്യരത്നം ആയുർവേദ കോളേജിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിൽ രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു നടത്തിയ പ്രസംഗത്തിന്റെ മലയാളം പരിഭാഷ

തൃശ്ശൂർ, 27 നവംബർ 2026

വടക്കുന്നാഥ ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠയായ ഭഗവാൻ ശിവന് എന്റെ വിനീതമായ പ്രണാമം.

ഇന്ന് നിങ്ങളോടൊപ്പം ഈ വേദിയിൽ പങ്കുചേരാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇന്ത്യയുടെ സമ്പന്നമായ ആയുർവേദ പാരമ്പര്യത്തിന്റെ സുപ്രധാന കേന്ദ്രമാണ് തൃശ്ശൂർ. വൈദ്യരത്നം ആയുർവേദ കോളേജിന്റെ ഒരു വർഷം നീണ്ടുനിന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങൾ വിജയകരമാക്കാൻ അർപ്പണബോധത്തോടെ പ്രവർത്തിച്ച എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു.

ഇന്ത്യൻ സാംസ്കാരിക പൈതൃകവും വിജ്ഞാന പാരമ്പര്യവും സംരക്ഷിക്കുന്നതിൽ തൃശ്ശൂരിന് സവിശേഷമായ സ്ഥാനമുണ്ട്. 2022-ൽ യുനെസ്കോയുടെ "ഗ്ലോബൽ നെറ്റ്‌വർക്ക് ഓഫ് ലേണിംഗ് സിറ്റീസിൽ" ഇടം നേടിയതോടെ ഈ സംഭാവനയ്ക്ക് പ്രത്യേക അംഗീകാരം ലഭിച്ചു.

മഹതികളേ, മാന്യരേ,

ആയുർവേദത്തിന്റെ അന്താരാഷ്ട്ര പ്രശസ്തി വർദ്ധിപ്പിക്കുന്നതിലുപരിയാണ് കേരളത്തിന്റെ സംഭാവന. ശാസ്ത്രീയ ആയുർവേദ പഠനത്തിന്റെ സമ്പന്നവും സജീവവുമായ പാരമ്പര്യത്തെ കേരളം പരിപോഷിപ്പിച്ചിട്ടുണ്ട്. തലമുറകളായി വൈദ്യകുടുംബങ്ങളിലൂടെ കൈമാറിവന്ന വൈദ്യശാസ്ത്ര വിജ്ഞാനത്തെ സമ്പന്നമാക്കുകയും ചെയ്തിട്ടുണ്ട്. ആധികാരികമായ ആയുർവേദ ഔഷധങ്ങൾ

തയ്യാറാക്കുന്നതിലുള്ള കേരളത്തിന്റെ പാരമ്പര്യം അഭംഗുരം തുടരുന്നു.

കേരളത്തിലെ അഷ്ടവൈദ്യന്മാർ ആയുർവേദ ചികിത്സാരംഗത്ത് മാത്രം ഒതുങ്ങിനിന്നവരല്ല. അഗാധമായ പാണ്ഡിത്യവും മികച്ച അധ്യാപനശേഷിയും ഉള്ളവരാണെന്ന് അവർ തെളിയിച്ചിട്ടുണ്ട്. വൈദ്യരത്നം ഗ്രൂപ്പ് ഈ പാരമ്പര്യം പ്രതിബദ്ധതയോടെ മുന്നോട്ടുകൊണ്ടുപോകുന്നതായി എനിക്ക് അറിയാൻ കഴിഞ്ഞു.

ആയുർവേദത്തിന്റെ ശ്രദ്ധേയമായ ഒരു സവിശേഷത, അതിന്റെ ആധികാരിക ഗ്രന്ഥങ്ങൾ ഒരിക്കലും സംസ്കൃതത്തിൽ മാത്രം പരിമിതപ്പെട്ടിരുന്നില്ല എന്നതാണ്. കേരളത്തിൽ മലയാളത്തിലും മണിപ്രവാളത്തിലും നിരവധി മൗലിക കൃതികളും വ്യാഖ്യാനങ്ങളും രചിക്കപ്പെട്ടിട്ടുണ്ട്. ചികിത്സാമഞ്ജരി, ആലത്തൂർ മണിപ്രവാളം, സഹസ്രയോഗം തുടങ്ങിയ മൗലിക കൃതികൾ പ്രഗത്ഭരായ കേരളീയ വൈദ്യന്മാരാൽ രചിക്കപ്പെട്ടവയാണ്.

മഹതികളേ, മാന്യരേ,

ആയുർവേദത്തിന്റെയും മറ്റ് ഇന്ത്യൻ പരമ്പരാഗത വൈദ്യശാസ്ത്ര സമ്പ്രദായങ്ങളുടെയും വികസനത്തിൽ നമ്മുടെ ഭരണഘടനാ ശില്പികൾക്ക് പ്രത്യേക താൽപ്പര്യമുണ്ടായിരുന്നു. ആയുർവേദം, യുനാനി, ഹോമിയോപ്പതി തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങൾക്ക് ചികിത്സാരംഗത്തും വിദ്യാഭ്യാസരംഗത്തും വ്യവസ്ഥാപിതമായ ഒരു ചട്ടക്കൂട് ഒരുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഭരണഘടനാ നിർമ്മാണ സഭയിൽ ഗൗരവമേറിയ ചർച്ചകൾ നടന്നിരുന്നു. ആയുർവേദത്തിലെ ഗവേഷണത്തിന്റെ ആവശ്യകത ശ്രീ എച്ച്.വി. കമ്മത്ത് പ്രത്യേകം ഉന്നയിച്ചു. “പുരാതന ഇന്ത്യൻ ചികിത്സാ സമ്പ്രദായമായ ആയുർവേദത്തിൽ ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള ഗവേഷണങ്ങളെ രാഷ്ട്രം സജീവമായി പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും വേണം,” എന്ന് അദ്ദേഹം പറഞ്ഞു. ശ്രീ ആർ.വി. ധുലേക്കറും സേഠ് ഗോവിന്ദ് ദാസും വിവിധ അവസരങ്ങളിൽ ഈ വിഷയങ്ങളിൽ തങ്ങളുടെ ചിന്തകൾ പങ്കുവെച്ചു. അവിഭക്ത മദ്രാസ് പ്രവിശ്യയെ പ്രതിനിധീകരിച്ചിരുന്ന ഡോ. ബി. പട്ടാഭി സീതാരാമയ്യയും ഇതുമായി ബന്ധപ്പെട്ട ഒരു വിഷയം സഭയിൽ ഉന്നയിച്ചു.

ഇന്ന് ദേശീയവും അന്തർദേശീയവുമായ വേദികളിൽ ചർച്ച ചെയ്യപ്പെടുന്ന സമാനമായ വിഷയങ്ങൾ നമ്മുടെ ഭരണഘടനാ ശില്പികൾ അന്നേ ഉന്നയിച്ചിരുന്നു എന്നത് സന്തോഷകരമാണ്. അവരുടെ ദീർഘവീക്ഷണത്തിന്റെ സാക്ഷ്യപത്രമാണിത്.

മഹതികളേ, മാന്യരേ,

ഈ മേഖലയിലെ അഷ്ടവൈദ്യ കുടുംബങ്ങൾ അഷ്ടാംഗഹൃദയത്തിലെയും ശാസ്ത്രീയ ആയുർവേദത്തിലെയും പാഠങ്ങൾ പഠിക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും പ്രയോഗിക്കുന്നതിലും സമ്പന്നമായ ഒരു പാരമ്പര്യം വളർത്തിയെടുത്തിട്ടുണ്ടെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. ഈ പാരമ്പര്യത്തിലൂടെ സംരക്ഷിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ, കൈയെഴുത്തുപ്രതികൾ, ചികിത്സാരീതികൾ, പ്രായോഗിക അറിവുകൾ എന്നിവ വ്യവസ്ഥാപിതമായി രേഖപ്പെടുത്തുന്നത് ദേശീയ പ്രാധാന്യമുള്ള ഒരു ദൗത്യമാണ്.

ഈ മേഖലയിലെ വൈദ്യന്മാർ അഗദതന്ത്രം (വിഷചികിത്സ), കൗമാരഭൃത്യം (ബാലചികിത്സ), മർമ്മചികിത്സ എന്നിവയുടെ പാരമ്പര്യങ്ങളും സംരക്ഷിച്ചുപോരുന്നുണ്ടെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. വിവിധ സമൂഹങ്ങൾ ഔഷധസസ്യങ്ങൾ ഉപയോഗിക്കുന്ന രീതികളും ഈ പൈതൃകത്തിന്റെ വിലപ്പെട്ട മറ്റൊരു വശമാണ്.

മഹതികളേ, മാന്യരേ,

രാജ്യത്തെ സമ്പന്നമായ പരമ്പരാഗത വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾക്ക് ആധുനിക ശാസ്ത്രീയ അടിത്തറ നൽകുന്നതിനായി ആയുഷ് മന്ത്രാലയവും അതിനു കീഴിലുള്ള പ്രമുഖ ഗവേഷണ കൗൺസിലുകളും "വൺ ഹെർബ്, വൺ സ്റ്റാൻഡേർഡ്" പോലുള്ള നിരവധി സംരംഭങ്ങൾ നടപ്പാക്കിവരുന്നതായി എനിക്ക് അറിയാൻ കഴിഞ്ഞു. ആധുനിക ശാസ്ത്രം, ഡാറ്റ, സാങ്കേതികവിദ്യ എന്നിവയുടെ സഹായത്തോടെ പരമ്പരാഗത വൈദ്യശാസ്ത്ര രംഗത്തെ ആഗോള വിജ്ഞാന കേന്ദ്രമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജാംനഗറിൽ പ്രവർത്തിക്കുന്ന ലോകാരോഗ്യ സംഘടനയുടെ (WHO)

ഗ്ലോബൽ ട്രഡീഷണൽ മെഡിസിൻ സെന്റർ പ്രവർത്തിക്കുന്നത്. ഇത്തരം സർക്കാർ ഏജൻസികളുമായും പ്രമുഖ അന്താരാഷ്ട്ര സ്ഥാപനങ്ങളുമായും സഹകരിച്ച് സംയുക്ത ഗവേഷണ പദ്ധതികൾ ഏറ്റെടുക്കാൻ കേരളത്തിലെ ആയുർവേദ കോളേജുകൾക്ക് കഴിയും.

പ്രാദേശിക മണ്ണ്, ജലം, ഋതുക്കൾ, ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങൾ എന്നിവ ഔഷധസസ്യങ്ങളുടെ ഗുണനിലവാരത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് ചരകസംഹിത, സുശ്രുതസംഹിത, അഷ്ടാംഗഹൃദയം എന്നീ ഗ്രന്ഥങ്ങളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈ ഘടകങ്ങളെല്ലാം സംയോജിതമായി പഠിക്കുന്നതിലൂടെ കോളേജുകൾക്ക് സ്വന്തം വൈദഗ്ധ്യം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. ആയുർവേദത്തിനായി സമഗ്രമായ ഒരു വിജ്ഞാന ഡാറ്റാബേസ് വികസിപ്പിക്കുന്നതിനും ഇത്തരം പഠനങ്ങൾ സഹായകമാകും.

ആയുഷ് സേവന മേഖലയെക്കുറിച്ച് അടുത്തിടെ നടത്തിയ ഒരു ആധികാരിക പഠനം സൂചിപ്പിക്കുന്നത്, ആധികാരികവും ശാസ്ത്രീയമായി വിലയിരുത്തപ്പെട്ടതുമായ പഞ്ചകർമ്മ ചികിത്സയുടെ അന്താരാഷ്ട്ര റഫറൻസ് കേന്ദ്രമായി മാറാൻ കേരളത്തിന് കഴിയുമെന്നാണ്. തെളിവുകളുടെ അടിസ്ഥാനത്തിലുള്ള പഞ്ചകർമ്മ ഗവേഷണത്തിലും സംസ്ഥാനം മുൻനിരയിലെത്താൻ പരിശ്രമിക്കണം. നിങ്ങളുടേതുപോലുള്ള കോളേജുകൾ ഉൾപ്പെടെ വിവിധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ഒരുമിച്ച് പ്രവർത്തിക്കണം.

മഹതികളേ, മാന്യരേ,

ഓരോ ആയുർവേദ കോളേജും ആധികാരികവും ഫലപ്രദവുമായ ആയുർവേദ ചികിത്സയിലൂടെ സമൂഹത്തെ സേവിക്കണം. അതോടൊപ്പം കാലികപ്രസക്തിയുള്ള ആയുർവേദ വിദ്യാഭ്യാസവും നൽകണം. ഈ രണ്ട് ലക്ഷ്യങ്ങളും നിറവേറ്റുന്ന സ്ഥാപനങ്ങൾക്ക് പ്രഗത്ഭരായ വൈദ്യന്മാരെയും ഗവേഷകരെയും വാർത്തെടുക്കാൻ കഴിയും. വർത്തമാനകാലത്തെയും ഭാവിതലമുറകളിലെയും ആരോഗ്യ വെല്ലുവിളികളെ ഫലപ്രദമായി നേരിടാനുള്ള വിവേകം

ഇത്തരം വിദഗ്ധർക്കുണ്ടാകും. നിങ്ങളുടെ സ്ഥാപനത്തിന്റെ പ്രവർത്തനരീതി ഈ തത്വത്തിന് അനുസൃതമാണെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു.

2047-ഓടെ ആരോഗ്യകരവും വികസിതവുമായ ഇന്ത്യ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ നിങ്ങളുടേതുപോലുള്ള ആയുർവേദ സ്ഥാപനങ്ങൾക്കും നിർണായക പങ്കുവഹിക്കാനുണ്ട്. സംസ്ഥാനത്തെ പ്രമുഖ ആയുർവേദ കോളേജുകളിലെ വിജ്ഞാനസമ്പത്ത് പ്രയോജനപ്പെടുത്തി ബോധപൂർവവും സജീവവുമായ ഒരു സഹകരണ മാതൃക വികസിപ്പിച്ചെടുത്താൽ ദേശീയ ലക്ഷ്യം വേഗത്തിൽ കൈവരിക്കാൻ അത് സഹായകമാകും.

പ്രിയ വിദ്യാർത്ഥികളേ,

കേരളത്തിലെ ആയുർവേദ പാരമ്പര്യത്തിന് ഒരു സവിശേഷതയുണ്ടെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. ആയുർവേദ ചികിത്സാരീതികളെ ജീവകാരുണ്യ പ്രവർത്തനങ്ങളുമായി അത് മികച്ച രീതിയിൽ സമന്വയിപ്പിക്കുന്നു. പഠനകാലത്ത് നിങ്ങൾ ഇത് നേരിട്ട് അനുഭവിച്ചറിഞ്ഞിട്ടുണ്ടാകുമെന്നാണ് കരുതുന്നത്. തൊഴിൽജീവിതത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് കടക്കുമ്പോൾ, പരമ്പരാഗത അറിവിൽ അധിഷ്ഠിതമായ സംരംഭകത്വവും അശരണർക്കുള്ള സേവനവും ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് തെളിയിക്കാൻ നിങ്ങൾ മറക്കരുത്.

സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നിരവധി ബൗദ്ധികവും പ്രായോഗികവുമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ടെന്നും എനിക്ക് അറിയാൻ കഴിഞ്ഞു. അൻപത് വർഷക്കാലം തുടർച്ചയായി തൊഴിൽപരമായ മികവ് നിലനിർത്തിയത് പ്രശംസനീയമാണ്. കാലത്തിനനുസരിച്ച് പ്രവർത്തനങ്ങൾ നവീകരിക്കാനും വരാനിരിക്കുന്ന വെല്ലുവിളികളെ ഫലപ്രദമായി നേരിടാനുമുള്ള നിശ്ചയദാർഢ്യവും അഭിനന്ദനാർഹമാണ്. ഈ സ്ഥാപനം ഈ രണ്ടു കാര്യങ്ങളും വിജയകരമായി ചെയ്തിട്ടുണ്ടെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു.

വൈദ്യരത്നം ആയുർവേദ കോളേജ് കുടുംബത്തിലെ എല്ലാവർക്കും എന്റെ ആശംസകൾ നേരുന്നു. മനുഷ്യരാശിയെ, പ്രത്യേകിച്ച് നമ്മുടെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ സേവിക്കുന്നതിനായി ആയുർവേദത്തിന്റെ വർദ്ധിച്ചുവരുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നിങ്ങളുടെ ഭാവി ശോഭനമാകട്ടെ.

നന്ദി!

ജയ് ഹിന്ദ്!

ജയ് ഭാരത്!